# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5564** 2-11-2016 -ൽ **മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ് : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് അടിയന്തരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിലെ കണക്കനുസരിച്ച് 1,16,240 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുവാദം ആവശ്യമുള്ള വനമേഖലകളിലും നിലവിലുള്ള വൈദ്യുതി ശൃഖല എത്തിക്കാൻ സാധ്യമല്ലാത്ത വിദൂര കോളനികളിലും ANERT ന്റെ സഹായത്തോടുകൂടി De-Centralised & Distributed Generation (DDG) പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള മറ്റ് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് വീടുകളുടെ സമീപത്തേക്ക് വിതരണ ശൃംഖല വ്യാപിപ്പിക്കേണ്ടതുണ്ട്. ഇതിനായി ട്രാൻസ്ഫോർമറുകൾ, പോസ്റ്റുകൾ എന്നിവ സ്ഥാപിക്കൽ, ത്രീ ഫേസ്, സിംഗിൾ ഫേസ് ലൈൻ വലിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. പ്രാരംഭ കണക്കുകൾ പ്രകാരം ഏകദേശം 172 കോടി രൂപയാണ് പദ്ധതി ചിലവായി കണക്കാക്കപ്പെടുന്നത്. ഓരോ നിയോജക മണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തുകയുടെ 50% (പരമാവധി 1 കോടി രൂപ ഓരോ നിയോജക മണ്ഡലത്തിലും) വഹിക്കാൻ കെ എസ് ഇ ബി തീരുമാനിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയുടെ ബാക്കി 50%, LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രധിനിധികളുടെ (MLA SDF, MLA ADF, MP |

| | | | |
|---|---|---|---|
| | | | LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. മാർച്ച് 2017-ഓടു കൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീ കരണം പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ; ഉണ്ടെങ്കിൽ വീണ്ടും സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചത് എന്തിന്റെ അടിസ്ഥാന ത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | മുൻ എൽ ഡി എഫ് സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപെടുത്തി പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ മുഴുവൻ മണ്ഡലങ്ങൾ ഉൾപ്പെടെ 86 മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിരുന്നു. പിന്നീട് മണ്ഡലം/ജില്ല തിരിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് പകരം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന പ്രവർത്തന ങ്ങളാണ് നടന്നു വന്നിരുന്നത്. മുമ്പ് സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ച മണ്ഡലങ്ങളിലും പിന്നീട് കൂടുതൽ വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതിനാൽ സമ്പൂർണ്ണ വൈദ്യുതീകരണം ഒരു തുടർപ്രക്രിയയായി കൊണ്ടുപോകേണ്ടതുണ്ട്. ഇപ്പോഴത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 31.3.2017-ഓടു കൂടി സംസ്ഥാനത്തെ നിലവിലുള്ള എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | സമ്പൂർണ്ണ വൈദ്യുതീകണം പദ്ധതിയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടുത്തി യിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ? | (സി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ നിലവിലെ വോൾട്ടേജ് മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം ഉദ്ദേശിക്കുന്നില്ല. എന്നാൽ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി ചില പ്രദേശങ്ങളിൽ 11 കെവി ലൈൻ നിർമ്മിക്കേണ്ട തിന്റെയും ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതിന്റേയും ആവശ്യകത ഉണ്ട്. ഈ പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമവും ഒരു പരിധിവരെ പരിഹരിക്ക പ്പെടുന്നതാണ്. |

**സെക്ഷൻ ഓഫീസർ**